# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.4727 — 19.05.2017-ൽ മറുപടിയ്ക്ക്

### അനശ്വര സംഗീതജ്ഞൻ രവീന്ദ്രന് സ്മാരകം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.പി.അയിഷാ പോറ്റി | ശ്രീ.എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ മന്ത്രി) |
| (എ) അനശ്വര സംഗീതജ്ഞൻ രവീന്ദ്രന് ജൻമനാടായ കുളത്തൂപ്പുഴയിൽ ഉചിതമായ സ്മാരകം നിർമ്മിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണ്; | (എ) 2009-ൽ നിർമ്മാണം തുടങ്ങിയ രവീന്ദ്രൻ സ്മാരകം 2010-ൽ നിർമ്മാണം നിലച്ചുപോയി. പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം നിർമ്മാണം പുനരാരംഭിക്കുവാൻ നടപടിക്രമങ്ങൾ പൂർത്തിയായി വരുന്നു. ഇതിനുള്ള നടപടിക്രമങ്ങൾ അന്തിമഘട്ടത്തിലാണ്. സ്മാരക നിർമ്മാണത്തിനായി 2010-2011 സാമ്പത്തിക വർഷത്തിൽ 15 ലക്ഷം രൂപ സാംസ്കാരിക വകുപ്പിൽനിന്നും അനുവദിച്ചിട്ടുണ്ട്. |
| (ബി) സാംസ്കാരിക വകുപ്പിന്റെ ചുമതലയിലും മേൽനോട്ടത്തിലുമാണോ പ്രസ്തുത സ്മാരകം നിർമ്മിക്കുന്നത്; | (ബി) കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്തിന്റെ മേൽനോട്ടത്തിലും ചുമതലയിലുമാണ് പ്രസ്തുത സ്മാരകം നിർമ്മിക്കുന്നത്. |
| (സി) സ്മാരക നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വിശദമാക്കുമോ? | (സി) 2017-18 വർഷം പൂർത്തിയാക്കുവാൻ കഴിയുന്ന രീതിയിലാണ് പ്രവർത്തനങ്ങൾ മുന്നോട്ടു പോകുന്നത്. |

സെക്ഷൻ ഓഫീസർ